പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 06/02/2020-ൽ |
| നിയമസഭാ ചോദ്യം നം. 1215 | മറുപടിയ്ക്ക് |

## <u>പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ടി . വി . ഇബ്രാഹിം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 5 കോടി, 3 കോടി, 1 കോടി പദ്ധതികളിൽ ഉൾപ്പെട്ട മിക്ക വിദ്യാലയങ്ങളിലും ഇതുവരെ ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത സ്കൂളുകളിൽ എത്രയും വേഗം പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) & (ബി) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപയുടെ പദ്ധതിയിൽ 141 സ്കൂളുകളും 3 കോടി രൂപയുടെ പദ്ധതിയിൽ 96 സ്കൂളുകളുടെ SPV ആയി KITE-നെയും 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട 50 സ്കൂളുകളുടെ SPV ആയി WAPCOS-ഉം, 67 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി ഇൻകെലിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി ആയി ഇൻകലിനേയും, 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കുള്ള 1 കോടി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി കിലയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രഖ്യാപിച്ച മൂന്ന് പദ്ധതികളിലായി കൊണ്ടോട്ടി മണ്ഡലത്തിൽ നിന്ന് 12 സ്കൂളുകൾ ഉൾപ്പെട്ടിട്ടും അതിൽ ഒരിടത്ത് മാത്രമാണ് പ്രവൃത്തി ആരംഭിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി), (ഡി) & (ഇ) | ഉണ്ട്. മറ്റ് 11 സ്കൂളുകളുടെ നിർമ്മാണം സമാന്തരമായി നടക്കുന്നതിനായി വിവിധ ഏജൻസികളെ എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഒന്നാം ഘട്ടം അനുവദിച്ച 3 കോടിയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടാം ഘട്ടത്തിലനുവദിച്ച 3 കോടിയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള |

(ഇ) കൊണ്ടോട്ടി മണ്ഡലത്തിലെ പ്രസ്തുത സ്കൂളുകളിൽ നടപടിക്രമം പൂർത്തീകരിച്ച് പ്രവൃത്തി എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തി. 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 5 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Namitha.P

**സെക്ഷൻ ഓഫീസർ**